**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 461** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>യുവസംരംഭകർക്ക് വ്യവസായ വകുപ്പ് നൽകുന്ന ആനുകൂല്യങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. ടി. ജെ. വിനോദ്

ശ്രീ. കെ. എം. അഭിജിത്ത്

ശ്രീ. കെ. പ്രവീൺ കുമാർ

ശ്രീമതി ഉഷ വിജയൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** ഇന്ദിരാ ഗ്യാരന്റി പ്രകാരം യുവ സംരംഭകർക്ക് അഞ്ച് ലക്ഷം രൂപയുടെ പലിശ രഹിത വായ്പ ലഭ്യമാക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;ഏതെല്ലാം തരത്തിലുള്ള സംരംഭങ്ങൾക്കാണ് ഈ ആനുകൂല്യം ഉപയോഗപ്പെടുത്താനാവുകയെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** വിഷൻ 2031 -ൽ ഉൾപ്പെടുത്തിയിട്ടുള്ള ഇന്ദിര ഗ്യാരന്റിയിൽ യുവജനങ്ങൾക്ക് ബിസിനസ് ആരംഭിക്കുന്നതിന് പലിശ രഹിത വായ്പ 5 ലക്ഷം രൂപ എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി വിശദമായ മാർഗനിർദ്ദേശങ്ങൾ ആവിഷ്കരിച്ചു വരുന്നു.

**(ബി)** യുവസംരംഭകർക്ക് വ്യവസായ വകുപ്പ് നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

**<u>മറുപടി:</u>** നിലവിൽ യുവസംരംഭകർ ഉൾപ്പെടെയുള്ള സംരംഭകർക്ക്, സംരംഭക സഹായ പദ്ധതി ( ESS), ഒരു കുടുംബം ഒരു സംരംഭം പദ്ധതി, നാനോ സംരംഭങ്ങൾക്ക് നൽകുന്ന മാർജിൻ മണി ഗ്രാന്റ് പദ്ധതി എന്നിവ വഴി ധനസഹായം ലഭ്യമാക്കുന്നുണ്ട്.

വ്യവസായ ആവശ്യത്തിനായി സ്ഥല ലഭ്യതയുടെ കുറവ് പരിഹരിക്കുന്നതിനായും, വിദ്യാർത്ഥി സമൂഹത്തിൽ വ്യവസായ സംരംഭകത്വം വളർത്തുവാനും വ്യവസായ സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്താനും സംസ്ഥാനത്തുടനീളമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി ഉപയുക്തമാക്കികൊണ്ട് ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

കരകൗശല വിദഗ്ധർക്കുള്ള സഹായ പദ്ധതി (ആശ), യുവതി-യുവാക്കൾ ഉൾപ്പെടുന്ന പ്രത്യേക വിഭാഗങ്ങൾക്ക് നൽകുന്ന ധനസഹായം എന്നിവയും യുവ സംരംഭകർക്ക് സഹായകരമാകും.

കശുവണ്ടി മേഖലയിലെ ചെറുകിട, ഇടത്തരം ഫാക്ടറികളുടെ പുനരുദ്ധാരണത്തിനുള്ള മൂലധന ഗ്രാന്റ്, പലിശ സബ്സിഡി പദ്ധതി, സംരംഭകത്വ ബോധവൽക്കരണ പരിപാടികളും (EAP), സംരംഭക വികസന പരിപാടികളും (EDP) നടത്തി വരുന്നുണ്ട്.

അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ യുവാക്കളെ സംരംഭകരാക്കി മാറ്റുവാനായി ടെക്നോളജി മാനേജ്മെൻറ് ഡെവലപ്പ്മെൻറ് പ്രോഗ്രാം നടപ്പിലാക്കിയിട്ടുണ്ട്.

സംരംഭകർക്കുണ്ടാകുന്ന സംശയങ്ങൾ ദൂരീകരിക്കുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ ഉപദേശങ്ങൾ നൽകുന്നതിനായി വിവിധ മേഖലകളിലെ വിദഗ്ധരെ ഉൾപ്പെടുത്തി എം. എസ് .എം. ഇ ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് (എം.എസ്.എം.ഇ) അവരുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്ന, മുൻകൂട്ടി കാണാൻ കഴിയാത്ത അപകട സാധ്യതകളിൽ നിന്ന് സാമ്പത്തിക പരിരക്ഷ നൽകുന്നതിന് മിനിമം ഇൻഷുറൻസ് പരിരക്ഷ നൽകാൻ വേണ്ടി എം.എസ്.എം.ഇ ഇൻഷുറൻസ് പദ്ധതി ആരംഭിച്ചിട്ടുണ്ട്.

**(സി)** ഐ.ടി മേഖലയിലെ യുവസംരംഭകർക്ക് എന്തെല്ലാം പിന്തുണകളും സാധ്യതകളുമാണ് ലഭ്യമാക്കുകയെന്ന് വിശദമാക്കാമോ?

**മറുപടി:** ഐ.ടി മേഖലയിലെ യുവസംരംഭകർക്ക് വേണ്ടി പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നില്ലായെങ്കിലും സേവന മേഖലയിലെ സംരംഭകർക്കുള്ള പദ്ധതികൾ ഐ.ടി മേഖലയിലെ സംരംഭകർക്കും പ്രയോജനപ്പെടുത്താവുന്നതാണ്.

**സെക്ഷൻ ഓഫീസർ**